മാധ്യമവിശകലനം

അബൂഫിദല്‍

# ഘര്‍വാപസികളുടെ ആക്രോശങ്ങള്‍

**കമലാ** സുറയ്യ ജീവിതത്തിലെന്ന പോലെ മരണത്തിലും വലിയ പാഠങ്ങള്‍ അവശേഷിപ്പിച്ചാണ് നമ്മോട് വിടചോദിച്ചത്. അവരുടെ അന്ത്യകര്‍മങ്ങള്‍ മലയാളിക്ക് പല അര്‍ഥങ്ങളിലും തീര്‍ത്തും നവ്യവും അത്ഭുതകരവുമായ അനുഭവങ്ങളാണ് സമ്മാനിച്ചത്. മലയാളികള്‍ ഓരോരുത്തരും ഓര്‍മയുടെ സുവര്‍ണകുംഭങ്ങളില്‍ ആ അനുഭവങ്ങള്‍ പാത്തുവെക്കും. എന്നാല്‍ ഈ ശുഭമുഹൂര്‍ത്തങ്ങളിലും കുശുമ്പ് കുനുഷ്ട് വിദ്വേഷങ്ങളുടെ വിഷവാക്കുകള്‍ തുപ്പാനും ചിലര്‍ സന്നദ്ധരായി എന്നത് പരാമര്‍ശിക്കപ്പെടാതെ പോവുന്നത് സുറയ്യയോട് ചെയ്യുന്ന നീതിയായിരിക്കില്ല.

'പത്ത് ശിവസേനക്കാര്‍ പൂനയില്‍ സംഘടിച്ചിട്ട് ആ ശരീരം ഇവിടുന്നെടുക്കാന്‍ പറ്റില്ലെന്ന് തര്‍ക്കിച്ചിരുന്നെങ്കില്‍ നമ്മുടെ സാംസ്കാരിക വകുപ്പ് ഓടുന്ന ഓട്ടത്തില്‍ പുല്ലു കുരുക്കില്ലായിരുന്നു. പക്ഷേ, മഹാരാഷ്ട്ര ആ അന്തക്കേട് കാണിച്ചില്ല.' ശിവസേനയുടെ *സാമ്ന*യിലോ കേരളാ സംഘികളുടെ *കേസരി*യിലോ വന്നതല്ല ഈ വാചകങ്ങള്‍. സാക്ഷാല്‍ *കലാകൗമുദി* വാരികയില്‍ എം.ജി രാധാകൃഷ്ണന്‍ എന്നൊരാള്‍ എഴുതിയ കുറിപ്പില്‍ നിന്നാണിത്. 'മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരിയുടെ ജീവന്‍ അവസാനിച്ചത് മറാത്ത ഭൂമിയുടെ അഭയത്തിലായിരുന്നു. അവരുടെ ആത്മാവ് നിത്യത കൊള്ളുന്നത് മലയാള നാട്ടിലല്ല; മറാത്തി നാട്ടിലാണ്. മരിച്ചു കഴിഞ്ഞാല്‍ ശവം ജീവിച്ചിരിക്കുന്നവര്‍ക്കാണ്. അതിലൊരവകാശവും മരിച്ചു കഴിഞ്ഞ ആള്‍ക്കില്ല. വെറുമൊരു ശവശരീരം മാത്രമാണ് നാട്ടിലേക്ക് കൊണ്ടുപോയിരിക്കുന്നത്. ആ ശവശരീരം ചുമന്നുകൊണ്ടുപോയവര്‍ അവരുടെ അവസാന നാളുകളിലെ വേദന അറിയാത്തവരാണ്. മാധവിക്കുട്ടിയുടെ മനസ്സ് അറിയാത്തവരാണ്. വായ്ക്കരിയിടാന്‍ അനുവദിക്കാതെ, ചന്ദനവിറകില്‍ എരിഞ്ഞടങ്ങേണ്ട ശരീരം, ഗംഗയില്‍ ഒഴുക്കേണ്ട അസ്ഥികള്‍ എല്ലാം അവര്‍ സ്വന്തമാക്കിയിരിക്കുന്നു. മാധവിക്കുട്ടിക്ക് ബലിയിടാന്‍ ഞങ്ങളിവിടെ കുറെ പ്രവാസികളുണ്ട്. ഞങ്ങളവര്‍ക്ക് ബലിയിടും. കറുകപ്പുല്ലിന്റെ മോതിരമിട്ട്, എള്ളും പൂവും തൂകി, വെള്ള ചോറുരുട്ടി, വാല്‍ക്കിണ്ടിയില്‍ നിന്ന് വെള്ളം തൂവി ബലിയിടും. ആ ചോറു കൊത്താന്‍ ബലികാക്കകള്‍ വരുമെന്നറിയാം. ആത്മാവിനു ബലിയൂട്ടണമല്ലോ, അതാണല്ലോ പാരമ്പര്യം'. ഇതേ എം.ജി രാധാകൃഷ്ണന്‍ *സമകാലിക മലയാളം* വാരികയില്‍ (ജൂണ്‍ 12) എഴുതിയതാ

**കമലാ സുറയ്യയുടെ ഇസ്‌ലാം ആശ്ലേഷവും സഹിഷ്ണുതയുടെ കവിത നിറഞ്ഞു നില്‍ക്കുന്ന ആ മയ്യിത്ത് സംസ്കരണ ചടങ്ങും വിദ്വേഷത്തിന്റെ വ്യാപാരികളായ സംഘികള്‍ക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അതുകൊണ്ടാണ് അവരുടെ മൃതദേഹം കാണാനും ആദരാഞ്ജലികള്‍ അര്‍പ്പിക്കാനും ആയിരങ്ങള്‍ കക്ഷി,രാഷ്ട്രീയ, മത, ലിംഗ ഭേദമന്യേ ഒഴുകി വന്നിട്ടും ഒരു ബി.ജെ.പി-ആര്‍.എസ്.എസ് നേതാവിനെയും അവിടെയൊന്നും കാണാതിരുന്നത്.**

ണിത് (മലയാളികൾക്ക് സുപരിചിതനായ എഴുത്തുകാരൻ *ഇന്ത്യാ ടുഡേ*യിലെ എം.ജി രാധാകൃഷ്ണനല്ല ഈ രാധാകൃഷ്ണൻ എന്ന് അന്വേഷണത്തിൽ മനസ്സിലായി. രണ്ട് വാരികകളും അവർക്കാവശ്യമുള്ളത് എഴുതാൻ പൊക്കിയെടുത്ത പുതിയൊരു അവതാരമാണ്).

സുറയ്യയുടെ അന്ത്യകർമങ്ങൾ എങ്ങനെയായിരിക്കണം എന്നു തീരുമാനിക്കാനുള്ള അന്തിമാവകാശം അവർക്കു തന്നെയാണ്. അത്




മ്പിൽ പ്രതികരിച്ചത്. ജന്മം കൊണ്ട് എസ്.എൻ.ഡി.പിയും കർമം കൊണ്ട് ആർ.എസ്.എസും കളിക്കുന്ന *കലാകൗമുദി*യും *കേരളാകൗമുദി*യും സഭ്യതയുടെ സീമകൾ ലംഘിച്ചുകൊണ്ടാണ് അന്ന് സുറയ്യയെ വേട്ടയാടിയത്. അവസാനം പത്രാധിപർ എം.എസ് മണിക്ക് 'മാധവിക്കുട്ടിക്കും കുടുംബത്തിനുമുണ്ടായ മനോവിഷമ'ത്തിൽ ഖേദം പ്രകടിപ്പിക്കേണ്ട അവസ്ഥ വരെ വന്നെത്തി.

**സുറയ്യ പറഞ്ഞത് അവിടെ നിൽക്കട്ടെ, അവരുടെ മക്കൾ പറഞ്ഞതും അവിടെ നിൽക്കട്ടെ, ഞങ്ങൾ പറയുന്നത് പോലെ കാര്യങ്ങൾ നടക്കണം എന്ന ആർ.എസ്.എസ് വംശീയവാദികളുടെ ആക്രോശങ്ങളാണ് മതേതരത്വത്തിന്റെ മേൽവിലാസത്തിൽ നമ്മുടെ സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.**

എങ്ങനെയായിരിക്കണമെന്ന് അവർ മക്കളോട് പറയുകയും ചെയ്തിട്ടുണ്ട്. 'മരിച്ചാൽ കേരളത്തിൽ സംസ്കരിക്കുക, അതിപ്പോൾ വിശ്വസിക്കുന്ന മതാചാരപ്രകാരമാവുക-അമ്മയുടെ ഈ രണ്ട് വാക്കുകളും ഞങ്ങൾ പാലിച്ചു. പള്ളിയിൽ അടക്കരുത്, കേരളത്തിൽ വേണ്ട, വിവാദങ്ങൾ ഉണ്ടാവും, വിമർശനങ്ങൾ വരും, എന്നൊക്കെ മരിച്ചപ്പോൾ ഫോണിൽ പലരും വിളിച്ചു പറഞ്ഞു. ഉന്നത വ്യക്തികളും ഉദ്യോഗസ്ഥരും വരെ അത് പറഞ്ഞു' (എം.ഡി നാലപ്പാട്ട് പാളയത്ത് നടന്ന അനുസ്മരണ സമ്മേളനത്തിൽ പറഞ്ഞത്).

സുറയ്യ പറഞ്ഞത് അവിടെ നിൽക്കട്ടെ, അവരുടെ മക്കൾ പറഞ്ഞതും അവിടെ നിൽക്കട്ടെ, ഞങ്ങൾ പറയുന്നത് പോലെ കാര്യങ്ങൾ നടക്കണം എന്ന ആർ.എസ്.എസ് വംശീയവാദികളുടെ ആക്രോശങ്ങളാണ് മതേതരത്വത്തിന്റെ മേൽവിലാസത്തിൽ നമ്മുടെ സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഹിന്ദുത്വ വംശീയ പ്രസ്ഥാനം കേന്ദ്രത്തിൽ അധികാരത്തിൽ നിൽക്കുന്ന കാലത്താണ് കമലാ സുറയ്യ അസാമാന്യ ധീരതയോടെ ഇസ്‌ലാമിന്റെ വഴി തെരഞ്ഞെടുക്കുന്നത്. 1999 ഡിസംബറിൽ ഇസ്‌ലാം സ്വീകരിച്ച അന്നു മുതൽ സംഘ് പരിവാറും അകമേ സംഘ്പരിവാർ മനസ്സ് കൊണ്ടുനടക്കുന്ന സാംസ്കാരിക നേതൃത്വവും അതിനോട് പുലർത്തിയ സമീപനം നാം കണ്ടതാണ്. (2000 ജനുവരി 8-ലെ *പ്രബോധനം* വാരികയിൽ എ. റശീദുദ്ദീൻ എഴുതിയ *മതേതരത്വത്തിന്റെ പടം പൊഴിയുമ്പോൾ* എന്ന കവർസ്റ്റോറി കമലയുടെ ഇസ്‌ലാം ആശ്ലേഷത്തോട് മലയാള മാധ്യമങ്ങളും സെക്യുലർ സാംസ്കാരിക സമൂഹവും പുലർത്തിയ ആർ.എസ്.എസ് കളികളുടെ വിശദമായ ചിത്രം നൽകുന്നുണ്ട്). ഒരുവേള കമല കൊച്ചി വിട്ട് പൂനെയിലേക്ക് കൂടുമാറിയത് തന്നെ ഇവരെല്ലാം ചേർന്ന് സൃഷ്ടിച്ച അലമ്പുകൾ കാരണമാണ്. 'അഭയം തേടിയുള്ള ചിലരുടെ യാത്രകൾ ചിലപ്പോൾ ഊളൻപാറയിലും ചെന്നവസാനിക്കാറുണ്ട്' എന്നാണ് എഴുത്തുകാരനായ വൈശാഖൻ കമലയുടെ മതംമാറ്റത്തെക്കുറിച്ച് അന്ന് നടന്ന എസ്.എഫ്.ഐ സംസ്ഥാന പഠനക്യാ

വീട്ടിലേക്ക് മടക്കിക്കൊണ്ടു പോവുക എന്ന അർഥത്തിൽ *ഘർവാപസി* എന്നൊരു പദ്ധതിയുണ്ട് ആർ.എസ്.എസിന്. ജാതീയതയുടെ ക്രൂരതകളിൽ മനംമടുത്ത് ഇസ്‌ലാമിലേക്കും ക്രിസ്തുമതത്തിലേക്കും പോയ പിന്നാക്ക സമുദായാംഗങ്ങളെ തിരിച്ച് ഹിന്ദുക്കളാക്കുന്ന പരിപാടിക്കാണ് ഘർവാപസി എന്നു പറയുന്നത്. *മാതൃഭൂമി, സമകാലിക മലയാളം, കലാ/കേരളാ കൗമുദി* പ്രസിദ്ധീകരണങ്ങൾ ഘർവാപസിയുടെ കേരളത്തിലെ പ്രോജക്റ്റ് ഏജൻസികളായി പ്രവർത്തിക്കുന്നതാണ് കാണാൻ കഴിയുന്നത്. കമലാ സുറയ്യയുമായും അവരുടെ വേലക്കാരുമായും മറ്റും സംസാരിച്ചും അവരുടെ സംഭാഷണങ്ങളെ ആവശ്യമുള്ളത് മുറിച്ചെടുത്തും പ്രസിദ്ധീകരിച്ച്, കമല പഴയ വീട്ടിലേക്ക് തിരിച്ചുപോയി എന്ന് ഇടക്കിടെ വായനക്കാരെ ഓർമപ്പെടുത്താൻ *മാതൃഭൂമി* ഫീച്ചറുകൾ ഇടവിട്ട് നൽകിപ്പോന്നു. ഈ യത്നങ്ങളൊന്നും ഫലപ്രാപ്തിയിലെത്താത്തതു കണ്ടപ്പോഴാണ് അവരുടെ മയ്യിത്ത് സംസ്കരണത്തെ വിവാദമാക്കാനുള്ള സംഘികളുടെ ഗൂഢാലോചനകൾക്ക് ഇവർ വളം വെച്ചുകൊടുക്കുന്നത്.

കേരളത്തിലെ ഹിന്ദുത്വ വംശീയ പ്രസ്ഥാനം ഓരോ തവണയും അനുഭവിക്കുന്ന തിരിച്ചടികൾ അവരുടെ ആത്മവിശ്വാസം തകർത്തിട്ടുണ്ട്. തെരഞ്ഞെടുപ്പുകളിൽ ഓരോ തവണയും വോട്ടുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നത് മാത്രമല്ല, ആർ.എസ്.എസ് ശാഖകൾ പലതും അടച്ചു പൂട്ടേണ്ടിവരുന്നതും സാംസ്കാരിക രംഗത്തെ അവരുടെ അജണ്ടകൾ തിരിച്ചറിയപ്പെടുന്നതും അവരെ തെല്ലൊന്നുമല്ല അങ്കലാപ്പിലാക്കുന്നത്. കമലാ സുറയ്യയുടെ ഇസ്‌ലാം ആശ്ലേഷവും സഹിഷ്ണുതയുടെ കവിത നിറഞ്ഞു നിൽക്കുന്ന ആ മയ്യിത്ത് സംസ്കരണ ചടങ്ങും വിദ്വേഷത്തിന്റെ വ്യാപാരികളായ സംഘികൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അതുകൊണ്ടാണ് അവരുടെ മൃതദേഹം കാണാനും ആദരാഞ്ജലികൾ അർപ്പിക്കാനും ആയിരങ്ങൾ കക്ഷി, രാഷ്ട്രീയ, മത, ലിംഗ ഭേദമന്യേ ഒഴുകി വന്നിട്ടും ഒരു ബി.ജെ.പി-ആർ.എസ്.എസ് നേതാവിനെയും അവിടെയൊന്നും കാണാതിരുന്നത്. തിരുവനന്തപുരത്ത് കമലയുടെ മൃത

ദേഹം എത്തിയപ്പോൾ മുഖ്യമന്ത്രിയടക്കമുള്ളവർ വന്ന് ആദരാഞ്ജലികൾ അർപ്പിച്ചിട്ടും ഏതാനും വാര അകലെയുള്ള മാരാർജി ഭവനിൽനിന്ന് ആരും അവിടെ എത്തിയില്ല. തെരഞ്ഞെടുപ്പ് അവലോകന യോഗത്തിനായി എത്തിയ സകല ബി.ജെ.പി നേതാക്കളും ഓഫീസിലുണ്ടായിട്ടു കൂടി ഒരാൾക്ക് പോലും അവിടെ വന്നു നോക്കാൻ തോന്നിയില്ല. ഏത് രാഷ്ട്രീയ പാർട്ടി നേതാക്കളാണെങ്കിലും, മരിച്ചാൽ സന്ദർശിക്കുക എന്നത് നാമെല്ലാം പുലർത്തുന്ന സ്വാഭാവിക മര്യാദകളിലൊന്നാണ്. എന്നാൽ ഈ മര്യാദ പോലും സുറയ്യയുടെ കാര്യത്തിൽ പാലിക്കാൻ സംഘ് നേതാക്കൾക്ക് സാധിച്ചില്ല എന്നത് അവരെ അടുത്തറിയുന്നവരെ ഒരു പക്ഷേ അത്ഭുതപ്പെടുത്താനിടയില്ല. എന്നാലും ഒരാൾക്ക് ഇങ്ങനെ ആശിച്ചു പോകാം; അവരും ആ പള്ളിവളപ്പിൽ സുറയ്യക്ക് അന്ത്യയാത്ര പറയാൻ ഒത്തു ചേർന്നിരുന്നെങ്കിൽ അത് എന്തു മാത്രം ചേതോഹരമായ അനുഭവമാകുമായിരുന്നു! പക്ഷേ, മരണത്തിൽ പോലും വിദ്വേഷ വിഷം പ്രകടിപ്പിക്കാൻ ഒരുമ്പെടുന്ന ഇവരുടെ മനോനിലയും സാംസ്കാരിക നിലവാരവും നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. സുറയ്യ മരിച്ച അന്നുമുതൽ ഈ സാംസ്കാരിക നിലവാരത്തിനനുസരിച്ച വാർത്തകളും വിശകലനം നൽകുന്നതിലാണ് അവരുടെ മുഖപത്രമായ *ജന്മഭൂമി* ശ്രദ്ധിച്ചുപോന്നത്. 2002ൽ സുറയ്യക്ക് കേരളാ സർക്കാർ എഴുത്തച്ഛൻ പുരസ്കാരം നൽകിയപ്പോൾ പി. പരമേശ്വരൻ പ്രതിഷേധവുമായി രംഗത്ത് വന്നിരുന്നു. അന്ന് അതിന് തീർത്തും യോജിച്ച മറുപടി പറഞ്ഞ് പരമേശ്വരനെ ഇരുത്തേണ്ടിടത്ത് ഇരുത്താൻ സുറയ്യ തന്നെയാണ് രംഗത്തു വന്നത്. എന്നാൽ സുറയ്യ ഒഴിഞ്ഞ നേരം നോക്കി ഗോളടിക്കാനാണ് പരമേശ്വരനും സംഘവും ഇപ്പോൾ ശ്രമിക്കുന്നത്. ■

# തിങ്കളാഴ്ച ടൗൺഹാളിൽ ജൂമാ തടഞ്ഞ ജമാഅത്ത് കശ്മലന്മാർ!

**ജമാഅത്ത്** വിരുദ്ധത മദ്യലഹരിയെക്കാൾ വലിയ ലഹരിയായ പത്രലേഖകർ കുറെയുണ്ട് നമ്മുടെ നാട്ടിൽ. ജമാഅത്ത് വിരുദ്ധ ലഹരിയിൽ സംഘ്പരിവാർ സോഡ കൂടി ഒഴിച്ച് കൊടുത്താൽ അതിന്റെ വീര്യം ഒന്നു വേറെത്തന്നെയാണ്. അത് ബാധിച്ചവരുടെ നടപ്പ് പോലെത്തന്നെയിരിക്കും അവരുടെ എഴുത്തും. അത് ശരിക്കും കണ്ടറിയണമെങ്കിൽ പുതിയ *കേരളശബ്ദം* വാരിക (2009 ജൂൺ 21) വായിക്കുക.

കമലാ സുറയ്യയുടെ ശവസംസ്കാര ചടങ്ങുകൾ മലയാളികളെ മൊത്തം കോൾമയിൽ കൊള്ളിച്ചപ്പോൾ അത് പ്രസരിപ്പിച്ച പരമത സൗഹൃദത്തിന്റെയും സ്നേഹ വാൽസല്യങ്ങളുടെയും സഹിഷ്ണുതയുടെയും പാഠങ്ങൾ കണ്ട് കണ്ണ് മഞ്ഞളിച്ചു പോയ കുറച്ചാളുകൾ നമുക്കിടയിലുണ്ട്. കേരളത്തിലെ മതേതര സമൂഹവും മതസമൂഹവും കമലയുടെ കുടുംബാംഗങ്ങളും അങ്ങേയറ്റം തുറന്ന ഹൃദയത്തോടെയാണ് ചടങ്ങുകളെ കണ്ടതും ആവേശപൂർവം അതിൽ പങ്കെടുത്തതും. മുസ്‌ലിംകളും സംഘടനാ ഭേദമന്യേ ചടങ്ങുകളിൽ പങ്കുകൊണ്ടു. പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, ഡോ. ഹുസൈൻ മടവൂർ, കടക്കൽ അബ്ദുൽ അസീസ് മൗലവി, ടി. ആരിഫലി, സി.ടി അഹമ്മദലി തുടങ്ങിയ സമുന്നതരായ സമുദായ/സംഘടനാ നേതാക്കൾ ആദ്യാവസാനം ചടങ്ങുകളിൽ പങ്കെടുക്കുകയും കമലയുടെ വേർപാടുണ്ടാക്കിയ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു. മുസ്‌ലിം സംഘടനകൾ പൊതുവെ വളരെ ക്രിയാത്മകമായാണ് ചരിത്രത്തിലിടം നേടിയ ഈ ചടങ്ങിനോട് പ്രതികരിച്ചത്. മുസ്‌ലിം പ്രസിദ്ധീകരണങ്ങളും അവ്വിധം തന്നെ.

എന്നാൽ മുസ്‌ലിംകൾക്കിടയിലെ ഈ മനപ്പൊരുത്തവും അവർ കാണിച്ച പ്രത്യുൽപന്നമതിത്തം നിറഞ്ഞ സമീപനങ്ങളും സഹിക്കാതായ *കേരളശബ്ദം* മുസ്‌ലിം സംഘടനകൾക്കിടയിൽ കുത്തിത്തിരിപ്പുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഇല്ലാത്ത വിവാദങ്ങൾ ഉണ്ടാക്കിയും പച്ചക്കള്ളം എഴുതിപ്പിടിപ്പിച്ചും ആർ.എസ്.എസ് മുഖപത്രമായ *കേസരി*യെ കവച്ചു വെക്കുന്നതിൽ അത് ശരിക്കും വിജയിച്ചിട്ടുണ്ട്. ഒന്നു രണ്ട് സാമ്പിളുകൾ നോക്കാം:

'സാംസ്കാരിക വകുപ്പ് മന്ത്രി എം.എ ബേബിയും ജമാഅത്തെ ഇസ്‌ലാമി നേതാക്കളും ആശയ വിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജമാഅത്തെ ഇസ്‌ലാമി കേരളാ അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരക്കുന്ന്, സെക്രട്ടറി എൻ.എം അബ്ദുറഹ്മാൻ എന്നിവർ പൂനെയിൽ എത്തിയത്. ഇവർ പൂനെയിൽ എത്തിയ ശേഷമാണ് കമലാ സുറയ്യയുടെ മൃതദേഹം കേരളത്തിൽ കൊണ്ടുവരാനും പാളയം ജുമാ മസ്ജിദ് പള്ളിയിൽ ഖബറടക്കാനും തീരുമാനിച്ചത്. അല്ലായിരുന്നെങ്കിൽ പൂനെയിൽ തന്നെ ശവസംസ്കാരം നടത്തുമായിരുന്നു. പൂനെയിൽ തന്നെ ചിതയൊരുക്കണമെന്ന് കമലാ സുരയ്യ ഈയിടെ ഒരു അഭിമുഖത്തിൽ ആഗ്രഹം പ്രകടിപ്പിച്ചിരുന്നുവെന്നും അതിന് വിരുദ്ധമാണ് സംഭവിച്ചത് എന്നും ചിലർ കുറ്റപ്പെടുത്തുന്നു'. *കേരളശബ്ദ*ത്തിന് 'നുണ ശബ്ദം' എന്നോ 'സംഘ്പരിവാർ ശബ്ദ'മെന്നോ പേര് മാറ്റുന്നതിനെക്കുറിച്ച പത്രാധിപർക്ക് ആലോചിക്കാവുന്നതാണ്.

ഈ ഒരൊറ്റ ഖണ്ഡികയിലെ നുണകൾ പരിശോധിക്കാം:
1. ശൈഖ് മുഹമ്മദ് കാരകുന്നും എം.എ ബേബിയും ആശയ

വിനിമയം നടത്തിയ ശേഷമാണ് പാള യത്ത് ഖബറടക്കാനുള്ള തീരുമാനം. പാളയത്താണ് ഖബറടക്കുന്നതെന്ന കാര്യം എം. എ ബേബി തന്നെ അറിഞ്ഞത് അവസാനമാണെന്ന് എം.ഡി നാലപ്പാട്ട് പത്രങ്ങളോട് പറഞ്ഞിട്ടുണ്ട്. അമ്മയുടെ ആഗ്രഹം തങ്ങൾ നടപ്പിലാക്കുക മാത്രമായിരുന്നുവെന്ന് അദ്ദേഹം പല തവണ എഴുതുകയും പറയുകയും ചെയ്തു. 2. പൂനെയിൽ തന്നെ ചിതയൊരുക്കണമെന്ന് കമല ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു, അതിന് വിരുദ്ധമായാണ് സംഭവിച്ചതെന്ന് ചിലർ കുറ്റപ്പെടുത്തുന്നു. ഏത് അഭിമുഖത്തിൽ, ആരുമായി നടത്തിയത്, എവിടെ പ്രസിദ്ധീകരിച്ചത്, ആരാണ് ഇങ്ങനെ കുറ്റപ്പെടുത്തുന്നത്... ഇതൊക്കെ വിശദീകരിക്കാൻ പത്രാധിപർക്കും ലേഖകനും ബാധ്യതയുണ്ട്. അല്ലെങ്കിൽ സുറയ്യയുടെ മകൻ കള്ളം പറഞ്ഞുവെന്നാണ് *കേരളശബ്ദം* പറയാതെ പറയുന്നത്. സംഘ്പരിവാർ സർക്കുലറിന് *കേരളശബ്ദം* എന്ന തലക്കെട്ടുകൊടുത്താൽ അത് സ്വതന്ത്ര രാഷ്ട്രീയ വാരികയാകില്ലെന്ന് പത്രാധിപർ മനസ്സിലാക്കുന്നത് നല്ലതാണ്. പല വാദങ്ങൾക്കും ലേഖകൻ തെളിവായി ക്കൊടുക്കുന്നത് കേരളാ തൊഗാഡിയ എന്നറിയപ്പെടുന്ന കുമ്മനം രാജശേഖരിന്റെ പ്രസ്താവനകളാണെന്നതാണ് ഏറെ ഞെട്ടിക്കുന്ന കാര്യം.

ജമാഅത്ത് വിരുദ്ധ ലഹരി മൂത്തപ്പോൾ ലേഖകന് സ്ഥല ജല ഭ്രമം പിടിപെട്ടത് കാണാൻ ഇതുകൂടി വായിക്കുക:

'കമലയുടെ ജന്മസ്ഥലമായ പുന്നയൂർക്കുളത്തിന് പകരം പാളയം പള്ളിയിൽ ഖബറടക്കിയത് ജമാഅത്തെ ഇസ്‌ലാമിയുടെ താൽപര്യ പ്രകാരമാണെന്നാണ് സുന്നി വിഭാഗം പറയുന്നത്'. സുന്നിയിലെ ഏത് വിഭാഗമാണ്, ആരാണ് ഇത് പറഞ്ഞത് എന്ന് ലേഖകൻ വ്യക്തമാക്കുന്നില്ല. സുന്നീ നേതാക്കന്മാരായ സാദിഖലി ശിഹാബ് തങ്ങളും കടക്കൽ അബ്ദുൽ അസീസ് മൗലവിയുമെല്ലാം പാളയത്തെ ചടങ്ങിൽ പങ്കെടുത്തിരുന്നു. അവരാരും ഇങ്ങനെയൊരു അഭിപ്രായം ഇതുവരെ പറഞ്ഞിട്ടില്ല. എന്നാൽ സംഘ് പരിവാറിന് വേണ്ടി സുന്നികളുടെ ചെലവിൽ ജമാഅത്തിനെ ചളിവാരിയെറിയാനാണ് ലേഖകന്റെ ശ്രമം. തുടർന്ന് വായിക്കുക: 'ജമാഅത്തെ ഇസ്‌ലാമി വിഭാഗത്തിന് കമലാ സുരയ്യയെ സംസ്ഥാന സർക്കാർ കൈമാറി എന്നറിഞ്ഞ സുന്നിവിഭാഗം നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിയപ്പോൾ വേദി കയ്യടക്കാൻ ശ്രമം നടത്തി. സുന്നി നേതാക്കളായ സുലൈമാൻ മൗലവി, പൂക്കുഞ്ഞ് എന്നിവരുടെ നേതൃത്വത്തിൽ അവർ ജുമാ നടത്തി. മൃതദേഹം കുളിപ്പിക്കുന്നതിന് മുമ്പ് ജുമാ നടത്താൻ പാടില്ല എന്നാണ് ജമാഅത്തെ പറഞ്ഞത്. അതുകൊണ്ട് വിമാനത്താവളത്തിൽവെച്ച് ജുമാ തടയാൻ ജമാഅത്തെ ഇസ്‌ലാമി ശ്രമിച്ചപ്പോൾ സുന്നി നേതാക്കൾ എതിർത്തു. പൂനെയിലെ ജഹാംഗീർ മുസ്‌ലിം ആശുപത്രിയിലാണ് കമലാ സുരയ്യ മയ്യിത്തായത്. അവിടെ വെച്ച് കുളിപ്പിച്ചിട്ടുണ്ട്. അതു കൊണ്ട് ജുമാ നടത്താം എന്നവർ വാദിച്ചു. എറണാകുളം ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ചപ്പോഴും സുന്നി നേതാക്കൾ ജുമാ നടത്തുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമിയുടെ എതിർപ്പ് അവഗണിച്ചു കൊണ്ടായിരുന്നു ഇത്. ഈ സമയം ജുമാ നടത്താൻ എത്തിയ കാന്തപുരം വിഭാഗം സുന്നികളെ ജമാഅത്തെ ഇസ്‌ലാമിയും ഇ.കെ സുന്നികളും തടഞ്ഞു. ജുമാ നടത്താൻ കഴിയാതിരുന്ന എ.പി വിഭാഗം മൃതദേഹം കയറ്റിയ ആംബുലൻസിന്റെ മുമ്പിലെത്തി ജുമാ നടത്തുകയാണ് ചെയ്തത്.....' ഇത് ഇനിയും നീട്ടിയാൽ വായനക്കാരുടെ രസതന്ത്രികൾ പൊട്ടിപ്പോകും എന്നതിനാൽ തുടരുന്നില്ല.

ഇതാണ് കാര്യം. വെള്ളിയാഴ്ച ഉച്ച സമയത്ത് മുസ്‌ലിംകൾ പള്ളികളിൽ ഒത്തുചേർന്ന് നടത്തുന്ന സംഘടിത നമസ്കാരത്തിന്റെ പേരാണ് ജുമാ എന്നത്. ആ ജുമാ ആണത്രേ തിങ്കളാഴ്ച നെടുമ്പാശ്ശേരി വിമാനത്താവളത്തിലും ടൗൺഹാളിലും ജമാഅത്തുകാർ തടഞ്ഞത്! 40 പേർ ഇല്ലെങ്കിൽ ജുമാ നടത്താത്തവരാണ് എ.പി സുന്നികൾ. അവരാണു പോൽ ആംബുലൻസിൽ കയറി തിങ്കളാഴ്ച ദിവസം നട്ടുച്ചക്ക് ജുമാ നടത്തിയത്! പൊട്ടീസുകൾ വിളിച്ചു പറയുമ്പോൾ ഉണ്ടാവേണ്ട സാമാന്യ വിവരം പോലും *കേരളശബ്ദം* ലേഖകന് ലഹരി ബാധിച്ചപ്പോൾ ഉണ്ടായില്ല എന്നു വേണം കരുതാൻ. മുസ്‌ലിം സംഘടനകൾക്കിടയിൽ ഇല്ലാത്ത വിവാദങ്ങളും തർക്കങ്ങളും ഉണ്ടെന്ന് വരുത്തി അവരെ ഭിന്നിപ്പിക്കാനാണ് കക്ഷി ശ്രമിച്ചു നോക്കുന്നത്. സുന്നി നേതാക്കൾ പറഞ്ഞുവെന്ന് ഇടക്കിടെ ആവർത്തിക്കുന്നുണ്ടെങ്കിലും ഒരാളുടെ പോലും പേരും ഊരും ഹാജരാക്കാൻ ലേഖകന് കഴിയുന്നില്ല. സങ്കടകരമായ കാര്യം, ലോകപ്രശസ്തയായ കമലാ സുരയ്യ അന്തരിച്ചതിന് ശേഷം ഇറങ്ങിയ *കേരളശബ്ദ*ത്തിൽ അവരുമായി ബന്ധപ്പെട്ടുള്ള ഏക ലേഖനം ഈ 'ജുമാ ലേഖനം' ആണ് എന്നുള്ളതാണ്. കമലയെ അനുസ്മരിക്കുന്ന മാന്യതയുള്ള ഒരു കുറിപ്പു പോലും നൽകാൻ വർഗീയ വിഷം തുപ്പുന്നതിനിടയിൽ പത്രാധിപർ മറന്നു പോയി. പത്രലോകത്തെ പല മതേതര വീരശിങ്കങ്ങളുടെയും യഥാർഥ മനസ്സിലിരിപ്പ് എന്തെന്ന് മനസ്സിലാക്കാൻ ഏറ്റവും മികച്ചൊരു രേഖയായി *കേരളശബ്ദ*ത്തിന്റെ സുറയ്യാ പതിപ്പ്. ■


## പ്രബോധനം അറുപതാം വാർഷികം

## ലോഗോ ക്ഷണിക്കുന്നു




*പ്രബോധനം* വാരികയുടെ അറുപതാം വാർഷികത്തിന് ആകർഷകമായ ലോഗോ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവക്ക് സമ്മാനം നൽകുന്നതാണ്. എൻട്രികൾ ജൂലൈ പതിനഞ്ചിനകം ലഭിച്ചിരിക്കണം.

**മാനേജർ, *പ്രബോധനം* വാരിക.**
**ഫോൺ: 0494 2730073**
e:mail: prabodhanam@satyam.net.in,
mangrprbnm@bsnl.in